**കേരള സർക്കാർ**

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ഗ്രാമ പഞ്ചായത്തുകളുൾപ്പെടെ സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും മാലിന്യസംസ്കരണ പ്രോജക്ടുകൾ തയ്യാറാക്കി ടെണ്ടർ നടപടി ഒഴിവാക്കി പദ്ധതി നിർവ്വഹണം നടത്തുന്നതിന് ക്ലീൻ കേരള കമ്പനി ലിമിറ്റഡിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

**സ.ഉ.(സാധാ) നം.1641/2017/തസ്വഭവ.** **തിരുവനന്തപുരം, തീയതി: 19/05/2017**

---

പരാമർശം:- 1. സ.ഉ.(കൈ) നം. 93/2014/തസ്വഭവ തിയതി 28.05.2014
2. സ.ഉ.(സാധാ) നം. 3119/2016/തസ്വഭവ തിയതി 17.11.2016
3. ക്ലീൻ കേരള കമ്പനി ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറുടെ 20.03.2017 തിയതിയിലെ കത്ത്
4. 23.03.2017 തിയതിയിലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി 2.8 -ാം നമ്പർ തീരുമാനം

## ഉത്തരവ്

സംസ്ഥാനത്തെ നഗരസഭകൾക്ക് ആവശ്യമായ മാലിന്യസംസ്കരണ പ്രോജക്ടുകൾ തയ്യാറാക്കി ടെണ്ടർ നടപടികൾ ഒഴിവാക്കി നിർവ്വഹണം ഏറ്റെടുത്ത് നടത്തുന്നതിന് ക്ലീൻ കേരള കമ്പനി ലിമിറ്റഡിന് അംഗീകാരം നൽകിയും, നഗരസഭകൾ തങ്ങളുടെ പ്ലാൻ ഫണ്ടിൽ നിന്നും മാലിന്യസംസ്കരണത്തിനായി നീക്കി വച്ചതും എന്നാൽ നടപടിക്രമങ്ങൾ പൂർത്തീകരിക്കാത്തതിനാൽ നടപ്പിലാക്കാൻ കഴിയാതെ വന്നതുമായ തുക വ്യക്തമായ കരാറിന്റെ അടിസ്ഥാനത്തിൽ പരമാവധി 40% വരെ പദ്ധതി നിർവ്വഹണത്തിന് അഡ്വാൻസായി ക്ലീൻ കേരള കമ്പനി ലിമിറ്റഡിന് അനുമതി നൽകിയും പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

(2) സൂചന 1 -ലെ ഉത്തരവ് പ്രകാരം നിലവിൽ നഗരസഭകളുടെ മാലിന്യസംസ്കരണ പദ്ധതികൾ മാത്രമേ ഏറ്റെടുത്ത് നടത്താൻ കഴിയുകയുള്ളുവെന്നും കമ്പനിയുടെ സേവനം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും കൂടി വ്യാപിപ്പിക്കുവാൻ ക്ലീൻ കേരള കമ്പനി ലിമിറ്റഡ് ഡയറക്ടർ ബോർഡ് തീരുമാനിച്ചതായും ആയതിനാൽ എല്ലാ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് വേണ്ടിയും ടെണ്ടർ നടപടികൾ ഒഴിവാക്കിക്കൊണ്ട് മാലിന്യസംസ്കരണ പദ്ധതികളുടെ നിർവ്വഹണം ഏറ്റെടുത്ത് നടത്തുവാൻ ക്ലീൻ കേരള കമ്പനി ലിമിറ്റഡിന് സാധ്യമാകുന്ന രീതിയിൽ സർക്കാർ ഉത്തരവ് ഭേദഗതി ചെയ്യണമെന്ന് ക്ലീൻ കേരള കമ്പനി ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ പരാമർശം (3) പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകളുൾപ്പെടെ സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലും പ്ലാസ്റ്റിക് മാലിന്യസംസ്കരണ പ്രോജക്ടുകളും ഇ-മാലിന്യ സംഭരണ സംസ്കരണ പദ്ധതികളും തയ്യാറാക്കി ടെണ്ടർ നടപടി ഒഴിവാക്കി പദ്ധതി നിർവ്വഹണം നടത്തുന്നതിന് ക്ലീൻ കേരള കമ്പനി ലിമിറ്റഡിന് അനുമതി നൽകി ഉത്തരവാകുന്നു.

(4) പ്ലാസ്റ്റിക് മാലിന്യസംസ്കരണത്തിന്റെ ഭാഗമായി തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ ചുവടെ പറയുന്ന നടപടികൾ പാലിക്കേണ്ടതാണ്.

- ഗ്രാമപഞ്ചായത്തുകളും നഗരസഭകളും പ്ലാസ്റ്റിക് മാലിന്യം ശേഖരിച്ച് സംസ്കരിക്കുന്നതിന് വേണ്ടി പ്ലാസ്റ്റിക് ഷ്രെഡിംഗ് & ബെയിലിംഗ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള പ്രോജക്ടുകൾ വയ്ക്കാൻ മുൻഗണന നൽകേണ്ടതാണ്.
- എല്ലാ ബ്ലോക്ക് പഞ്ചായത്ത് അടിസ്ഥാനത്തിലും ചുരുങ്ങിയത് ഒരു പ്ലാസ്റ്റിക് ഷ്രെഡിംഗ് & ബെയിലിംഗ് യൂണിറ്റ് സ്ഥാപിക്കേണ്ടതാണ്.
- എല്ലാ വലിയ ഗ്രാമപഞ്ചായത്തുകളിലും നഗരസ്വഭാവമുള്ള ഗ്രാമപഞ്ചായത്തുകളിലും ഇത്തരം യൂണിറ്റുകൾ സ്ഥാപിക്കേണ്ടതാണ്. നഗരസഭകളിലും ഇപ്രകാരം പ്ലാസ്റ്റിക് ഷ്രെഡിംഗ് & ബെയിലിംഗ് യൂണിറ്റുകൾ ആവശ്യത്തിനനുസരിച്ച് സ്ഥാപിക്കേണ്ടതും ഇതിലേയ്ക്കാവശ്യമായ സാങ്കേതിക സഹായം ക്ലീൻ കേരള കമ്പനി ലഭ്യമാക്കേണ്ടതുമാണ്. കൂടാതെ ഇത്തരം യൂണിറ്റുകൾ വഴി ഉല്പാദിപ്പിക്കുന്ന ഷ്രെഡ്ഡ് ചെയ്ത പ്ലാസ്റ്റിക് ക്ലീൻ കേരള കമ്പനി ലിമിറ്റഡ് വാങ്ങി റോഡ് ടാറിംഗിനു വേണ്ടി പൊതുമരാമത്ത് വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ്, എഞ്ചിനീയറിംഗ് വിഭാഗം എന്നിവർക്ക് വിതരണം ചെയ്യേണ്ടതാണ്.

**ഗവർണറുടെ ഉത്തരവിൻ പ്രകാരം**
**റ്റി.കെ.ജോസ്**
**ഗവ.പ്രിൻസിപ്പൽ സെക്രട്ടറി**

നഗരകാര്യഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, ക്ലീൻ കേരള കമ്പനി ലിമിറ്റഡ്, തിരുവനന്തപുരം
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ